


*"നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടി നീ സ്നേഹിക്കുക..."*

## മെയ് 2015 : വിചിന്തനം – മർക്കോ.12:33

ക്രിസ്ത്യാനിയെന്ന നിലയിൽ നമ്മുടെ വിശ്വാസം പുറമെ കാണിക്കുന്നതിന് ഒരു ടീഷർട്ട് ധരിക്കുകയോ, ബംബർ സ്റ്റിക്കർ പ്രദർശിപ്പിക്കുകയോ മറ്റെന്തെങ്കിലും ദൃശ്യചിഹ്നങ്ങൾ ഉപയോഗിക്കുകയോ ചെയ്യാം. ഇവയ്ക്കൊന്നും പരിണിതഫലങ്ങൾ ഉളവായെന്നു വരില്ല. കാരണം, ഇവയെല്ലാം മിക്കപ്പോഴും നാം ജീവിതത്തിലൂടെ നൽകുന്ന സന്ദേശത്തിനു വിരുദ്ധമാണ്. സകല ടീഷർട്ടുകളെക്കാളും സ്റ്റിക്കറുകളെക്കാളും സുപ്രധാനമായതും അതിരുകളില്ലാത്തവിധം ആധികാരികമായതും ഒരു യഥാർഥ ക്രിസ്ത്യാനിയുടെ ആന്തരിക ആത്മീയ അടയാളങ്ങളാണ്. നാം ജീവിക്കുന്ന ലോകം കൂടുതൽ വ്യക്തിപ്രധാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു യഥാർഥ വ്യത്യസ്തത ഉളവാക്കുന്നതിന് നാം സമർപ്പിത ക്രിസ്ത്യാനിയാവേണ്ടതുണ്ട്.

**സമർപ്പണം : അത് സർവവുമാണ്, അല്ലെങ്കിൽ ഒന്നുമല്ല.**

കർത്താവിനോടുള്ള നമ്മുടെ സമർപ്പണത്തെയും അധീനതയേയും കുറിച്ച് നാം ചിന്തിക്കുമ്പോൾ അടിസ്ഥാന തത്വമിതാണ്: "ഒന്നുകിൽ സർവവും, അല്ലെങ്കിൽ ഒന്നുമല്ല". ഇതു സത്യമാണെന്ന് ബൈബിൾ കാട്ടിത്തരുന്നു. നാം കർത്താവിനെ സ്നേഹിക്കുമ്പോൾ പൂർണമായി സ്നേഹിക്കണമെന്ന് യേശു പറയുന്നു. 'ഏറ്റവും അധികമായി' എന്നതിൽ ദൈവം തൃപ്തനല്ല എന്നു തോന്നുന്നു. നമ്മുടെ 'സർവവും' ദൈവം ആവശ്യപ്പെടുന്നു. യേശു നമ്മിൽ നിന്ന് ആവശ്യപ്പെടുന്നവയുടെ വിവരപ്പട്ടിക വളരെ ചെറുതാണെന്ന തിരിച്ചറി

യൽ നമ്മെ അത്ഭുതപ്പെടുത്താറുണ്ട്; എന്തെന്നാൽ അവിടുന്ന് അവയെല്ലാം ആവശ്യപ്പെടുന്നു. ഭാഗികമായ സമർപ്പണം സമർപ്പണമേയല്ല എന്ന് നാം ബൈബിളിൽ കാണുന്നു. “...നീ തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു” (വെളി. 3:15) കർത്താവിനെ പിൻചെല്ലുന്നതിൽ എന്തെങ്കിലും നേട്ടമുണ്ടെങ്കിൽ, അത് യഥാർഥത്തിൽ സകല നേട്ടങ്ങളുമാണ്. എന്തെന്നാൽ യേശു നമുക്കു ജീവനേകാനാണു വന്നത്. ജീവനെക്കുറിച്ച് പറഞ്ഞപ്പോൾ അവിടുന്ന് വ്യക്തമാക്കി. “...ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്”(യോഹ 10:10). ക്രിസ്തുവിന്റെ ഭാഗത്തു നിന്നും അത് സർവവുമാണ്, മുഴുവനുമാണ്.

ചില സ്വഭാവസവിശേഷതകൾ ക്രിസ്തീയതയ്ക്ക് സഹജമാണ്. അവ അവഗണിക്കുകയെന്നത് ഒരു ചരിക്കുന്ന വൈരുദ്ധ്യമാണ്. സമർപ്പണം അർഥമാക്കുന്നത്; യേശുവാണ് നമ്മുടെ ഏക അധികാരി, അല്ലെങ്കിൽ നമ്മുടെ ലക്ഷ്യസ്ഥാനത്തേക്ക് നയിക്കുന്ന പ്രകാശവും ഒരിക്കലും തെറ്റുപറ്റാത്ത ദിശകാട്ടിയും. ക്രിസ്തുവിന് സമർപ്പിതമെന്നാൽ വിശ്വസ്തനായിരിക്കുക, സേവകസുഹൃത്തായിരിക്കുക എന്നതാണ്. “...എനിക്കു ജീവിതം ക്രിസ്തുവാണ്...” (ഫിലി 1:21) എന്നതു മാത്രമാണ്. സമർപ്പണമില്ലാത്ത ക്രിസ്ത്യാനി ദൃശ്യമായ ഒരു വൈരുദ്ധ്യമാണ്.

സമർപ്പണം ഒരു ശിക്ഷണക്രമമാണ്. നാം മനപൂർവമെടുക്കുന്ന ഒരു തീരുമാനമാണ്. പരസ്പര വിരുദ്ധമായ സമർപ്പണം ഉണ്ടാവാനാവില്ല. മത്തായി 6:24 ൽ പറയുന്നു: “രണ്ടു യജമാനന്മാരെ സേവിക്കാൻ ആർക്കും സാധിക്കുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യാം”. രണ്ടു കാര്യങ്ങൾ ഒന്നിച്ചു ചെയ്യാനാവില്ല. ഒന്നുകിൽ അത് സർവ്വവുമാണ്. അല്ലെങ്കിൽ, ഒന്നുമല്ല. യേശു പറയുന്നു: “നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക” (മത്തായി. 19:21)

സമർപ്പിതമാകുകയെന്നത് നമ്മുടെ വിവേകമാണ്; യേശു ക്രിസ്തുവിലൂടെ നിത്യജീവിതത്തിനുള്ള അവകാശം ഉറപ്പിക്കുകയാണ്; യേശുവിന്റെ മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇവിടെയുള്ള സകല വസ്തുക്കളും വിലകെട്ടവയായി കരുതുകയാണ്; നിത്യത അവിടുത്തോടൊപ്പം ചിലവഴിക്കുന്നതിൽ മാത്രം തൃപ്തി കണ്ടെത്തുന്നതാണ്. ഈ സമർപ്പണം ഒരു പിൻതുടർച്ചാവകാശത്തിന്റെ സാമ്യപ്പെടുത്തൽ അക്ഷയമാക്കി മാറ്റുന്നു. നമുക്കു ചുറ്റും കണ്ണോടിക്കുമ്പോൾ ഇതിന്റെ പ്രാധാന്യം ഏറുന്നു. വിവാഹമാകട്ടെ, സുഹൃദ്ബന്ധമാവട്ടെ, തൊഴിലോ വിശ്വാസമോ ആവട്ടെ, ഒന്നിനോടും സമർപ്പിക്കുവാൻ നാം ഒരുക്കമല്ല.

നമ്മിൽ പലർക്കും ദൈവം നമ്മുടെ ജീവിതത്തിന്റെ ഒരു പ്രധാന ‘ഭാഗം’ ആണ്: നാം ദൈവത്തിന് പലകാര്യങ്ങൾക്കും ഉപരിയായ മുൻഗണന നൽകും. പക്ഷേ, പലപ്പോഴും ക്രിസ്തു നമ്മുടെ ജീവിതമായി മാറിയിട്ടില്ല. ദൈവം നമ്മുടെ ജീവിതത്തിന്റെ ഒരു ‘ഭാഗം’ എന്നയവസ്ഥയിൽ നിന്ന് അവിടുന്ന് നമ്മുടെ ‘സർവവും’ ആകുന്നതാണ് സമർപ്പണം. “എന്തെന്നാൽ, അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനിൽക്കുന്നു” (അപ്പ. പ്ര. 17:28)

നീ മന്ദോഷ്ണനാകാതെ നിന്റെ സർവവും അവിടുന്ന് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നു. നാം മുഴുമനസ്സോടെ അവിടുത്തെ തേടിക്കൊണ്ടും നമ്മുടെ സർവ ശക്തിയോടും കൂടി അവിടുത്തെ ശുശ്രൂഷിച്ചുകൊണ്ടുള്ള തികഞ്ഞ ഹൃദയപരമാർഥത ക്രിസ്തു പ്രതീക്ഷിക്കുന്നു.

ഞാൻ സമർപ്പണത്തിന്റെ ഒരു വ്യക്തിയാണോ?
അതോ ഞാൻ സൗകര്യമനുസരിച്ച് ജീവിക്കുന്നവനാണോ?

പന്തക്കുസ്തായിൽ, നമ്മുടെ സമർപ്പണദിനം ഒരു മുന്നേറ്റമെന്ന നിലയിൽ ആഘോഷിക്കുമ്പോൾ, ഈ ദിനം കൂടുതൽ അർഥപൂർണമാകണമേയെന്നും കലർപ്പില്ലാത്ത ഒരു സമർപ്പണ ജീവിതം നയിക്കാൻ സഹായിക്കണമേയെന്നും നമുക്കു പ്രാർഥിക്കാം.

അപ്പസ്തോലന്മാരുടെ രാജ്ഞിയായ പരി.കന്യകാ മറിയമേ, പന്തക്കുസ്തയുടെ ചൈതന്യത്താൽ ഓരോ ജീസസ് യൂത്തും രൂപാന്തരപ്പെടുന്നതിനും അങ്ങയുടെ തിരുക്കുമാരനായ യേശുവിന്റെ പ്രേഷിത ശിഷ്യരായി അയയ്ക്കപ്പെടുന്നതിനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.


Prepared by the Jesus Youth International Formation Team. Illustration: Jacob Jose